ഉത്തരം

(എ ആന്റ് ബി) ഈ അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്.

(സി) സ്റ്റാർ ഹോട്ടലുകൾക്ക് 10 ശതമാനം ഇൻവെസ്റ്റ്മെന്റ് സബ്സിഡി ക്ലാസ്സിഫിക്കേഷൻ കിട്ടി ആദ്യത്തെ 5 വർഷം ഇലക്ട്രിസിറ്റി താരിഫ് സബ്സിഡി എന്നിവയാണ് ടൂറിസം വകുപ്പ് നൽകുന്നത്.

(ഡി) എ-യ്ക്ക് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കേരളം സന്ദർശിക്കുന്ന ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി

9 [3596] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, സി. മോയിൻകുട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കഴിഞ്ഞ വർഷം സന്ദർശനം നടത്തിയ വിദേശീയരും അല്ലാത്തവരുമായ ടൂറിസ്റ്റുകൾ എത്ര പേരായിരുന്നു;

(ബി) ഈ വർഷം കേരളം സന്ദർശിക്കുന്ന ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ വർദ്ധനവുമൂലം വരുമാനത്തിൽ എന്ത് വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) കഴിഞ്ഞ വർഷം കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികൾ 294621-ഉം, തദ്ദേശ വിനോദസഞ്ചാരികൾ 5871228-ഉം ആണെന്നു കണക്കാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഈ വർഷം കേരളം സന്ദർശിക്കുന്ന ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി ടൂറിസം വകുപ്പ് കഴിഞ്ഞ വർഷങ്ങളിൽ പ്രധാനപ്പെട്ട വിദേശ-തദ്ദേശ ടൂറിസം മേളകളിൽ പങ്കെടുക്കുകയുണ്ടായി. കൂടാതെ രാജ്യത്തെ പ്രധാന ടൂറിസം മാർക്കറ്റുകളിൽ ടൂറിസം റോഡ്ഷോകളും സംഘടിപ്പിച്ചു. ദേശീയ-അന്തർദേശീയ ദൃശ്യ-ശ്രവ്യ-മാധ്യമ പ്രചാരണങ്ങളിലൂടെ കേരളത്തെ ലോകമെമ്പാടുമുള്ള ടൂറിസ്റ്റുകൾക്ക് പരിചയപ്പെടുത്തി. ടൂറിസം വെബ്സൈറ്റ്, ടോൾഫ്രീ ഫോൺ സർവ്വീസ് എന്നിവ ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി ഉപയോഗപ്പെടുത്തി.

(ഡി) കഴിഞ്ഞ വർഷം വിനോദസഞ്ചാരികളിൽ നിന്നുള്ള വരുമാനത്തിൽ ഉണ്ടായ വർദ്ധനവ് 20.42 ശതമാനം ആണ്. ഈ വർഷം വിനോദസഞ്ചാരികളിൽ നിന്നുമുള്ള വരുമാനത്തിൽ 10 ശതമാനം വർദ്ധനവ് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly